സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 272 2026 ഫെബ്രുവരി 10 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണ്ണ ബ്രേക്കിട്ട് സ്വർണവില

കോഴിക്കോട്: കുതിച്ചും കിതച്ചും ചാഞ്ചാടിക്കളിച്ച സ്വർണവില ഇന്ന് കുതിപ്പ് നിർത്തി. സംസ്ഥാനത്ത് ഇന്ന് സ്വർണവിലയിൽ മാറ്റമില്ല. കഴിഞ്ഞ ഏഴ് ദിവസത്തിനിടെ 7,880 രൂപയാണ് പവന് കൂടിയത്. തുടർന്നാണ് ഇന്ന് സ്വർണവില മാറ്റമില്ലാതെ തുടരുന്നത്. ഇന്നലെ രാവിലെ സ്വർണം പവന് 1,640 രൂപ കൂടിയതിന് ശേഷം ഉച്ചക്ക് വില കുറയുകയായിരുന്നു. 1,16,480 രൂപയിലാണ് രാവിലെ വ്യാപാരം നടന്നത്. ഗ്രാമിന് 14,560 രൂപ. എന്നാൽ ഉച്ചക്ക് ശേഷം ഗ്രാമിന് 85 രൂപയും പവന് 680 രൂപയുമാണ് കുറഞ്ഞു. അതോടെ ഒരു പവൻറെ വില 1,15,800 രൂപയിലും ഗ്രാമിന്റെ 14,475 രൂപയിലുമെത്തി. അതേവിലയിൽ തന്നെയാണ് ഇന്ന് വ്യാപാരം പുരോഗമിക്കുന്നത്.

ജയറാമിന് ഇഡി സമൻസ്

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ നടൻ ജയറാമിന് സമൻസ് അയച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി). അടുത്ത ആഴ്ച ചോദ്യം ചെയ്യലിന് ഹാജരാകാനാണ് നോട്ടീസ് നൽകിയിരിക്കുന്നത്. കേസിലെ മുഖ്യപ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റിയുമായുള്ള ബന്ധത്തിൽ വ്യക്തത തേടാനാണ് ഇഡി നടന് നോട്ടീസ് നൽകിയിരിക്കുന്നത്. കേസുമായി ബന്ധപ്പെട്ട് നടനെ നേരത്തെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നു.

ജയറാമും പോറ്റിയും ചേർന്ന് പൂജ നടത്തുന്ന വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്ന സാഹചര്യത്തിലാണ് ഇഡി നടപടി. സ്വർണവാതിൽ, ശബരിമല ശ്രീകോവിലിന്റെ കട്ടിളപ്പാളി, ദ്വാരപാലക പാളികൾ എന്നിവയുമായി ബന്ധപ്പെട്ട് 2019ൽ കൊള്ള നടന്നുവെന്നാണ് അന്വേഷണ സംഘം കണ്ടെത്തിയത്. 2019 മാർച്ച് മാസത്തിലാണ് പുതിയ വാതിൽ സമർപ്പിക്കുന്നത്. ജൂൺ മാസത്തിൽ കട്ടിളപ്പാളി നിർമ്മിക്കുന്നു. സെപ്തംബറിൽ ദ്വാരപാലക പാളികൾ സമർപ്പിക്കുന്നു. ഇതേ സമയത്ത് നടൻ ജയറാമിന്റെ വീട്ടിൽ സ്വർണപ്പാളികൾ എത്തിച്ച് പൂജിക്കുന്നതിന്റെ ദൃശ്യങ്ങളാണ് പുറത്തുവന്നത്. കൂടാതെ സ്മാർട്ട് ക്രിയേഷൻസിൽ നടക്കുന്ന പൂജ

യിൽ ജയറാം പങ്കെടുക്കുന്നതിന്റെയും ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

ജയറാമിനെ ചെന്നൈയിലെ വസതിയിലാണ് എസ്.ഐ.ടി ചോദ്യം ചെയ്തത്. പോറ്റിയുമായുള്ള ബന്ധത്തെക്കുറിച്ചായിരുന്നു ചോദ്യങ്ങൾ. ശബരിമലയിൽ വച്ചാണ് ബന്ധം തുടങ്ങുന്നതെന്നും നിരവധി തവണ പൂജകൾക്കായി വീട്ടിൽ എത്തിയിട്ടുണ്ടെന്നും ജയറാം മൊഴി നൽകിയിരുന്നു. പോറ്റിയെ വിശ്വാസമായിരുന്നു. സാമ്പത്തിക ഇടപാടോ തട്ടിപ്പോ അറിയില്ലായിരുന്നു.

ശ്രീകോവിലിലെ കട്ടിളപാളി ചെന്നൈയിലെ സ്മാർട്ട് ക്രിയേഷനിൽ പൂജിച്ചപ്പോഴും പങ്കെടുത്തിരുന്നു. വാതിൽപാളികൾ കോട്ടയം ഇളംപള്ളി ക്ഷേത്രത്തിലെത്തിച്ച് ഘോഷയാത്ര നടത്തിയപ്പോഴും പങ്കെടുത്തു.

താനുമായി സാമ്പത്തിക ഇടപാടുകളില്ലെന്നുമാണ് ജയറാം മൊഴി നൽകിയത്.

കെപിസിസി നേതാക്കൾ സംസാരിച്ചു, തീരുമാനമെടുത്തിട്ടില്ല;

മലമ്പുഴയിലെ യുഡിഎഫ് സ്ഥാനാർഥിത്വത്തിൽ എ സുരേഷ്

തൃശ്ശൂർ: മലമ്പുഴ നിയോജകമണ്ഡലത്തിൽ നിന്ന് കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിക്കുമെന്ന റിപ്പോർട്ടുകളോട് പ്രതികരിച്ച് മുൻമുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന എ. സുരേഷ്. തൽക്കാലം തീരുമാനമൊന്നും എടുത്തിട്ടില്ലെന്ന് സുരേഷ് തൃശ്ശൂരിൽ മാധ്യമങ്ങളോട് പ്രതികരിച്ചു.

കെപിസിസിയുടെ ഉത്തരവാദപ്പെട്ട നേതാക്കന്മാർ സംസാരിച്ചിരുന്നെന്ന് സുരേഷ് സ്ഥിരീകരിച്ചു. ചർച്ച ചെയ്തിരുന്നു എന്നത് വാസ്തവമാണ്. ഞാൻ അവരോട് ഒരു മറുപടി പറഞ്ഞിട്ടില്ല. ഞാൻ ഇപ്പോഴും ഇടതുപക്ഷ അനുഭാവിയായി തുടരുകയാണ്. കേരളത്തിൽ ഇടതുപക്ഷത്തിന്റെ മൂല്യങ്ങൾ

ചോർന്നുപോകുന്നതിന് എതിരായുള്ള ആയിരക്കണക്കിനാളുകൾക്കൊപ്പമാണ് താനുമുള്ളത്, സുരേഷ് പറഞ്ഞു.

പത്തുകൊല്ലത്തിലധികമായി പാർട്ടിയിൽനിന്ന് പുറത്താക്കിയിട്ടെന്നും സുരേഷ് പറഞ്ഞു. മൂന്ന് അപ്പീലുകൾ സിപിഎം സംസ്ഥാന സെക്രട്ടറിക്കും ഒരു അപ്പീൽ പാലക്കാട് ജില്ലാ സെക്രട്ടറിക്കും കൊടുത്തു. ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. എന്നെ എന്തിന് പാർട്ടിയിൽനിന്ന് പുറത്താക്കി എന്നത് ഇതുവരെ ബോധ്യപ്പെട്ടിട്ടില്ല. ഇപ്പോഴും ഇടതുപക്ഷ അനുഭാവിയായി തുടരുകയാണ്. കോൺഗ്രസിൽനിന്ന് ആരാണ് ബന്ധപ്പെട്ടതെന്ന ചോദ്യത്തിന് അത് വെളിപ്പെടുത്താൻ തയ്യാറല്ലെന്നായിരുന്നു സുരേഷിന്റെ മറുപടി.

പന്ത്രണ്ടുകൊല്ലമായി പാർട്ടിയിൽനിന്ന് പുറത്താക്കിയിട്ട് അതിൽ പ്രതിഷേധിക്കാൻ താൻ തയ്യാറല്ല. കേരളത്തിൽ ഇടതുപക്ഷം നിലനിൽക്കണമെന്നും ഇടതുപക്ഷ മൂല്യങ്ങൾ ചോരാൻ പാടില്ലെന്നും വിശ്വസിക്കുന്ന ആയിരക്കണക്കിനാളുകൾ കേരളത്തിലുണ്ട്. ഇവിടെ പാർട്ടിയുണ്ടാകണം, സുരേഷ് പറഞ്ഞു.

ഓൺ സ്ക്രീൻ മാർക്കിങ് ഈ വർഷം മുതൽ നടപ്പാക്കാൻ സി.ബി.എസ്.ഇ.

ന്യൂഡൽഹി: മൂല്യ നിർണയത്തിൽ കൃത്യത ലക്ഷ്യമിട്ട് പ്ലസ് ടു പരീക്ഷയുടെ മൂല്യനിർണയത്തിന് ഓൺ സ്ക്രീൻ മാർക്കിങ് (ഒ.എസ്.എം) രീതി നടപ്പാക്കുമെന്ന് സി.ബി.എസ്.ഇ. 2026 ലെ ബോർഡ് പരീക്ഷകൾ മുതലാണ് ഡിജിറ്റൽ മാർക്കിങ് സമ്പ്രദായം നടപ്പാക്കുക. പത്താംക്ലാസ് ഉത്തരക്കടലാസുകളുടെ മൂല്യനിർണയം പഴയപോലെ തന്നെ തുടരും. ഇക്കാര്യങ്ങൾ കാണിച്ച് സ്കൂൾ അധികൃതർക്ക് സി.ബി.എസ്.ഇ അറിയിപ്പ് നൽകി.

പരീക്ഷാ പ്രക്രിയയിൽ കാര്യക്ഷമത, സുതാര്യത, എന്നിവ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഡിജിറ്റൽ മൂല്യനിർണയമെന്ന് സി.ബി.എസ്.ഇ അറിയിച്ചു. ഓൺ-സ്ക്രീൻ മാർക്കിങ് സംവിധാനം പിശകുകൾ ഇല്ലാതാക്കുകയും മാനുവൽ ആയിട്ടുള്ള ഇടപെടൽ ഗണ്യമായി കുറക്കുകയും ചെയ്യും. പരീക്ഷാ കേന്ദ്രങ്ങളിലേക്ക് പോകാതെ സ്വന്തം സ്കൂളുകളിൽ ഇരുന്ന് കൊണ്ട് തന്നെ ഉത്തരക്കടലാസുകൾ വിലയിരുത്താൻ കഴിയുമെന്നതുകൊണ്ട് ഈ മൂല്യനിർണയം അധ്യാപകർക്കും വലിയ ആശ്വാസമാണ് നൽകുക.

കൂടുതൽ എളുപ്പത്തിൽ മൂല്യനിർണയ നടപടികൾ ഏകോപിപ്പിക്കാൻ സാധിക്കും. ഡിജിറ്റൽ മൂല്യ നിർണയത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സി.ബി.എസ്.ഇ സ്കൂളുകൾക്ക് നിർദേശം നൽകി.

പ്രസിദ്ധീകരിക്കാത്ത ഓർമ്മക്കുറിപ്പ് രാഹുൽ ഗാന്ധിക്ക് ലഭിച്ചതെങ്ങനെ?; വിവാദം മുറുകുന്നു

ന്യൂഡൽഹി: കരസേന മുൻമേധാവി ജനറൽ എംഎം നരവനയുടെ പുസ്തകത്തിന്റെ പതിപ്പ് രാഹുൽ ഗാന്ധിക്ക് എങ്ങനെ ലഭിച്ചെന്ന കാര്യത്തിൽ വിവാദം മുറുകുന്നു. പ്രസിദ്ധീകരിക്കാത്ത പുസ്തകത്തിന്റെ പതിപ്പ് ചോർന്നതിനു പിന്നിൽ ഗൂഢാലോചനയുണ്ടെന്നാണ് ഡൽഹി പൊലീസ് സംശയിക്കുന്നത്. പുസ്തകത്തിന്റെ ഹാർഡ് കോപ്പി രാഹുൽഗാന്ധി പ്രദർശിപ്പിച്ചതും അന്വേഷിക്കും. നരവനയുടെ ഓർമ്മക്കുറിപ്പായ 'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി'യെച്ചൊല്ലിയാണ് വിവാദങ്ങൾ ഉയരുന്നത്.

അതേസമയം, പുസ്തകത്തിന്റെ അനധികൃത പതിപ്പുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പ്രചരിച്ചതിനെതിരെ ഡൽഹി പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. ഇതിനുപിന്നാലെ പുസ്തകം ഇതുവരെ പ്രസിദ്ധീകരണത്തിനു നൽകിയിട്ടില്ലെന്ന് പെൻഗ്വിൻ ബുക്സ് പ്രസ്താവനയിറക്കി. ഡിജിറ്റലായോ അല്ലാതെയോ പുസ്തകത്തിന്റെ ഒരു പതിപ്പും പു

റത്തിറക്കിയിട്ടില്ലെന്നാണ് പ്രസ്താവനയിൽ പറയുന്നത്. പകർപ്പവകാശങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഉടൻ നിയമനടപടി സ്വീകരിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

ലോക്സഭയിൽ രാഹുൽ ഗാന്ധി പുസ്തകത്തിന്റെ പതിപ്പുമായി എത്തിയതോടെയാണ് വിവാദങ്ങൾക്ക് തുടക്കമായത്. ലോക്സഭയിൽ ഈ വിഷയം രൂക്ഷമായ തർക്കത്തിന് കാരണമായി. ഇത് ആവർത്തിച്ചുള്ള തടസ്സങ്ങൾക്കും എട്ട് എംപിമാരെ ബജറ്റ് സമ്മേളനത്തിന്റെ ശേഷിക്കുന്ന സമയത്തേക്ക് സസ്പെൻഡ് ചെയ്യുന്നതിലേക്കും നയിച്ചു. പ്രതിരോധ മന്ത്രാലയത്തിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ, പുസ്തകം അതിന്റെ അംഗീകൃത രൂപത്തിൽ ലഭ്യമല്ലെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് നേരത്തെ പറഞ്ഞിരുന്നു. നിലവിലുള്ള നിയമങ്ങൾ പ്രകാരം, മുൻ മുതിർന്ന സൈനിക ഉദ്യോഗസ്ഥർക്ക് അവരുടെ രഹസ്യാത്മക വസ്തുതകൾ അടങ്ങിയ ഓർമ്മക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണ്.

അനധികൃതമായി പുസ്തകത്തിന്റെ ഓൺലൈൻ പതിപ്പുകൾ പങ്കുവയ്ക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടതായി പൊലീസ് വ്യക്തമാക്കി. പ്രസാധകൻ തയ്യാറാക്കിയ പുസ്തകത്തിന്റെ പിഡിഎഫ് ചില വെബ്സൈറ്റുകളിൽ കണ്ടെത്തിയതായി ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നു. ചില ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ പുസ്തകം വിൽക്കുന്നതിനുള്ള പരസ്യങ്ങളും കണ്ടു. അംഗീകാരം ലഭിക്കാത്ത ഒരു പ്രസിദ്ധീകരണത്തിന്റെ ചോർച്ചയോ ലംഘനമോ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ സ്പെഷ്യൽ സെല്ലിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു.

ഗോവർദ്ധന്റെ ജാമ്യാപേക്ഷ സുപ്രീം കോടതി തള്ളി

ന്യൂഡൽഹി: ശബരിമല സ്വർണക്കൊള്ളക്കേസിൽ ജുവലറി ഉടമ ഗോവർദ്ധന്റെ ജാമ്യാപേക്ഷ തള്ളി സുപ്രീം കോടതി. കേസിൽ അന്വേഷണം പുരോഗമിക്കുകയാണെന്നും ഈ സമയത്ത് ഇടപെടാനാകില്ലെന്നും ചൂണ്ടിക്കാട്ടിയാണ് കോടതിയുടെ നടപടി. ജസ്റ്റിസ് ദീപാങ്കർ ദത്ത അദ്ധ്യക്ഷനായ ബെഞ്ചാണ് ഹർജി തള്ളിയത്. കുറ്റപത്രമടക്കമുള്ള കാര്യങ്ങൾ സമർപ്പിച്ചതിനുശേഷം ജാമ്യാപേക്ഷ നൽകാനും കോടതി നിർദേശിച്ചു.

ജാമ്യം നിഷേധിച്ച ഹൈക്കോടതി വിധിക്കെതിരെയാണ് ഗോവർദ്ധൻ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയത്. അന്വേഷണത്തോട് പൂർണമായി സഹകരിക്കുന്നുണ്ടെന്നും തന്റെ കസ്റ്റഡി ഇനി ആവശ്യമില്ലെന്നും ചൂണ്ടിക്കാട്ടിയായിരുന്നു ഗോവർദ്ധൻ ജാമ്യാപേക്ഷ സമർപ്പിച്ചത്. താൻ അയ്യപ്പ ഭക്തനാണെന്നും സ്വർണക്കൊള്ളയിൽ പങ്കില്ലെന്നും ഇയാൾ ജാമ്യാപേക്ഷയിൽ വാദിച്ചിരുന്നു.

ശബരിമലയിൽ നിന്ന് തട്ടിയെടുത്ത സ്വർണം വാങ്ങിയെന്നാരോപിച്ചാണ് കർണാടക ബെല്ലാരിയിലെ ജുവലറി ഉടമയായ ഗോവർദ്ധനെ പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തത്. കേസിലെ മുഖ്യപ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റിക്ക് പലപ്പോഴായി ഒന്നരക്കോടി രൂപ നൽകിയതിനുശേഷമാണ് സ്വർണം വാങ്ങിയതെന്നാണ് ഗോവർദ്ധന്റെ മൊഴി. ബോധപൂർവം തട്ടിപ്പിന് കൂട്ടുനിന്നിട്ടില്ല. ശബരിമലയിലെ ആവശ്യത്തിനെന്ന് പറഞ്ഞതുകൊണ്ടാണ് പണം നൽകിയത്. സുഹൃത്തെന്ന നിലയിലാണ് സ്വർണം വാങ്ങിയതെന്നും ഇയാൾ അന്വേഷണ സംഘത്തോട് പറഞ്ഞിരുന്നു. പണം നൽകിയതിന്റെ തെളിവുകളും ഇയാൾ അന്വേഷണസംഘത്തിന് നൽകിയിരുന്നു. എന്നാൽ ശബരിമലയിലെ സ്വർണമാണെന്നും ദേവസ്വം സ്വത്താണെന്നും അറിഞ്ഞുകൊണ്ടുതന്നെയാണ് ഗോവർദ്ധൻ തട്ടിപ്പിന് കൂട്ടുനിന്നതെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ.

കൊടിമര പ്രതിഷ്ഠക്ക് ലഭിച്ചത് കിലോക്കണക്കിന് സ്വർണം; മോഹൻലാലും സുരേഷ് ഗോപിയുമടക്കം നൽകി, രേഖയിലില്ല

ശബരിമല: ശബരിമലയിലെ കൊടിമരപ്രതിഷ്ഠയ്ക്കായി കിലോക്കണക്കിന് സ്വർണം കാണിക്കയായി ലഭിച്ചെന്ന് റിപ്പോർട്ട്. അഭിഭാഷക കമ്മിഷണർ എഎസ്പി കുറുപ്പിന്റെ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. അതേസമയം, താഴികക്കുടങ്ങൾ പൊതിയാൻ സ്വർണം അനുവദിച്ചില്ലെന്നും കുറുപ്പിന്റെ റിപ്പോർട്ടിൽ പരാതി പറയുന്നുണ്ട്. അഭിഭാഷക കമ്മിഷനും ഉദ്യോഗസ്ഥരും തമ്മിൽ തർക്കമുണ്ടായെന്നും റിപ്പോർട്ടിൽ ഉണ്ടെന്നാണ് വിവരം.

സുരേഷ് ഗോപി, മോഹൻലാൽ, രഞ്ജി പണിക്കർ, രജപുത്ര രഞ്ജിത് അടക്കമുള്ള താരങ്ങളും വ്യവസായികളും ഭക്തരും സ്വർണം നൽകി. ഇവ വാജി വാഹനത്തിനും അഷ്ടദിക് പാലക പ്രതിമയ്ക്കും ഉപയോഗിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു.

2018 ജൂലായ് ആറിന് കൊടിമരപ്രതിഷ്ഠയുമായി ബന്ധപ്പെട്ട് കണക്കുകളടക്കമുള്ള മുഴുവൻ കാര്യങ്ങളും ഉൾപ്പെടുത്തി അന്നത്തെ അഭിഭാഷക കമ്മിഷണറായിരുന്ന എഎസ്പി കുറുപ്പ് ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ശബരിമലയിലെ കൊടിമരപ്രതിഷ്ഠയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഹൈക്കോടതിയിൽ എസ്ഐടിയും റിപ്പോർട്ട് നൽകിയിരുന്നു. കൊടിമര പ്രതിഷ്ഠയിലെ സ്വർണത്തിന്റെ കണക്കുകളിൽ പൊരുത്തക്കേടുണ്ടെന്നാണ് റിപ്പോർട്ട് പരിശോധിച്ച ശേഷം ഹൈക്കോടതി ദേവസ്വം ബെഞ്ച് വിലയിരുത്തിയിരിക്കുന്നത്. ഭക്തർ നൽകിയ പല സ്വർണക്കണക്കുകളും റെക്കോർഡിൽ ഇല്ലെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. 2018-ൽ നൽകിയ റിപ്പോർട്ടുമായി താരതമ്യം ചെയ്യുമ്പോൾ ഇത് സാധൂകരിക്കുന്ന വിവരങ്ങൾ ഉണ്ടെന്നാണ് സൂചന.

കിലോക്കണക്കിന് സ്വർണ്ണം ഭക്തർ സംഭാവനയായി നൽകിയെന്നാണ് കുറുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ, ഇത് എത്ര കിലോ ആണെന്നത് വ്യക്തമല്ല. കൊടിമരത്തിന് ഉപയോഗിച്ച സ്വർണത്തിന്റെ കണക്ക് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

കൊടിമരപ്രതിഷ്ഠയ്ക്ക് പുറമെ, ആറ് താഴികക്കുടങ്ങളും സ്വർണ്ണം പൂശണമെന്ന് നിലപാട് കുറുപ്പ് എടുത്തിരുന്നു. ഇതിനായി ദേവസ്വം ബോർഡിനോട് 600 ഗ്രാം സ്വർണ്ണം ആവശ്യപ്പെട്ടു. എന്നാൽ, അത് നൽകാൻ വിമുഖത കാണിച്ചു. പിന്നീട് നിർബന്ധം പിടിച്ചപ്പോൾ നൽകാൻ തയ്യാറായി. വീണ്ടും 200 ഗ്രാം സ്വർണംകൂടി ആവശ്യപ്പെട്ടപ്പോൾ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ തടസ്സംനിന്നു. ഒടുവിൽ കർക്കശമായ നിലപാട് താൻ സ്വീകരിച്ചു. മറ്റു വഴികളിലൂടെ, ജ്വല്ലറികളിൽ നിന്നടക്കം സ്വർണം സ്വരൂപ്പിച്ചെന്നും കുറുപ്പ് റിപ്പോർട്ടിൽ പറയുന്നു.

27 പേര് നൽകിയ സ്വർണം സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ടിൽ ഇല്ലെന്നാണ് ഹൈക്കോടതി കണ്ടെത്തിയിരിക്കുന്നത്. രസീത് നൽകിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. ഓരോരുത്തരേയും നേരിട്ട് കണ്ട് എത്രത്തോളം സ്വർണ്ണം നൽകി എന്ന് അന്വേഷിക്കാനാണ് ഇപ്പോൾ ഹൈക്കോടതി നൽകിയിരിക്കുന്ന നിർദ്ദേശം. ഇതിൽ വ്യക്തതയില്ലെങ്കിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള നിർദ്ദേശമാണ് കോടതി നൽകിയിരിക്കുന്നത്. സംസ്ഥാന വിജിലൻസിനാണ് അന്വേഷണച്ചുമതല.

സുധാകരന് മത്സരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ കെപിസിസി അനുവാദം നൽകും; കൂത്തുപറമ്പ് ഏറ്റെടുക്കും

കണ്ണൂർ: നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സീറ്റുകളുടെ എണ്ണത്തിലും മണ്ഡലങ്ങളുടെ കാര്യത്തിലും ഘടകകക്ഷികളുമായി വേഗത്തിൽ അന്തിമ ധാരണയുണ്ടാക്കാൻ കോൺഗ്രസ് തീരുമാനം. കോൺഗ്രസിൽ ആദ്യ റൗണ്ട് ചർച്ചകൾ പൂർത്തിയായി. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ നയിക്കുന്ന പുതുയുഗ യാത്രയ്ക്കിടെ സ്ഥാനാർഥിചർച്ചയുമായി ബന്ധപ്പെട്ട് ആശയവിനിമയം നടക്കുന്നുണ്ട്. ഞായറാഴ്ചകളിൽ ജാഥയ്ക്ക് അവധിയായതിനാൽ അന്നേദിവസം ചർച്ചകൾ നടക്കും.

കണ്ണൂരിൽ കെ.സുധാകരൻ മത്സരിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയാണെങ്കിൽ കെ.പി.സി.സി. അനുവാദം നൽകും. ഇക്കാര്യം എ.ഐ.സി.സി. നേതൃത്വം തീരുമാനിക്കട്ടെയെന്നാണ് പൊതുവേയുള്ള ധാരണ. സുധാകരൻ മത്സരത്തിനില്ലെങ്കിൽ ടി.ഒ.മോഹനൻ, അമൃതാ രാമകൃഷ്ണൻ എന്നിവരാണ് പരി

ഗണനയിൽ. കൂത്തുപറമ്പ് സീറ്റ് വെച്ചുമാറാൻ ലീഗുമായി ആലോചന തുടങ്ങിയിട്ടുണ്ട്. നിലവിൽ മുസ്ലിം ലീഗിന്റെ സീറ്റാണ്. മുൻ തിരഞ്ഞെടുപ്പിൽ എൽ.ജെ.ഡി.യിലെ കെ.പി.മോഹനനും മുസ്ലിം ലീഗിലെ പാട്ടൻകണ്ടി അബ്ദുള്ളയുമാണ് മത്സരിച്ചത്. 9541 വോട്ടിന് കെ.പി.മോഹനൻ വിജയിച്ചു. നിലവിലെ സാഹചര്യമനുസരിച്ച് മുന്നേറ്റമുണ്ടാക്കാൻ സാധിക്കുമെന്ന കണക്കുകൂട്ടലിലാണ് കോൺഗ്രസ്. പകരം തളിപ്പറമ്പോ തലശ്ശേരിയോ ലീഗിന് നൽകാനുള്ള ചർച്ചകളും നടക്കുന്നുണ്ട്.

കെ.പി.സി.സി. ജനറൽ സെക്രട്ടറി ചന്ദ്രൻ തില്ലങ്കേരി, രാജീവൻ എളയാവൂർ എന്നിവരുടെ പേരുകളാണ് കൂത്തുപറമ്പിൽ സജീവമായി പരിഗണിക്കുന്നത്. ധർമടത്ത് മുഖ്യമന്ത്രി പിണറായി വിജയൻ മത്സരിക്കുന്നുണ്ടെങ്കിൽ പൊതുസമ്മതനായ സ്വതന്ത്രനെയും പരിഗണിക്കുന്നുണ്ട്. കല്യാശ്ശേരിയിൽ രജിത്ത് നാറാത്ത്, ജോഷി കണ്ടത്തിൽ എന്നിവരുടെയും പയ്യന്നൂരിൽ കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ് മുഹമ്മദ് ഷമ്മാസ്, ബ്രിജേഷ് കുമാർ എന്നിവരുടെയും പേരുകൾക്കാണ് മുൻഗണന.

മട്ടന്നൂർ സീറ്റ് വേണ്ടെന്ന് ആർ.എസ്.പി. കോൺഗ്രസ് നേതൃത്വത്തെ അറിയിച്ചു. പകരം മലബാറിൽ മറ്റൊരു സീറ്റ് വേണമെന്ന് ഷിബു ബേബി ജോൺ നേതൃത്വത്തെ അറിയിക്കുകയും ചെയ്തു. മട്ടന്നൂരിൽ ചന്ദ്രൻ തില്ലങ്കേരി, സജ്ജീവ് മാറോളി, ഫർസീൻ മജീദ് എന്നിവരുടെ പേരുകൾക്കാണ് മുൻഗണന. കോൺഗ്രസാണ് മത്സരിക്കുന്നതെങ്കിൽ തലശ്ശേരിയിൽ യൂത്ത് കോൺഗ്രസ് നേതാവ് വി.കെ.ഷിബിന, കെ.പി.സാജു എന്നിവരെയാണ് പരിഗണിക്കുന്നത്. തളിപ്പറമ്പിൽ വി.പി.അബ്ദുൾ റഷീദ്, മുഹമ്മദ് ബ്ലാത്തൂർ, രജനി രമാനന്ദ് എന്നിവർക്കാണ് മുൻതൂക്കം. യു.ഡി.എഫ്. വിജയിച്ച പേരാവൂരിൽ കെ.പി.സി.സി. പ്രസിഡന്റ് സണ്ണി ജോസഫും ഇരിക്കൂറിൽ സജീവ് ജോസഫും ഇത്തവണയും മത്സരിക്കും.

നായർ വിഭാഗത്തിന് ജില്ലയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന പരാതിയിൽ ആ വിഭാഗത്തിൽപ്പെട്ടയാളെ വിജയസാധ്യതയുള്ള മണ്ഡലത്തിൽ സ്ഥാനാർഥിയാക്കാനും ആലോചനയുണ്ട്. വിവിധ സർവേ റിപ്പോർട്ടിന്റെയും പാർട്ടിതലത്തിൽ നടത്തുന്ന അന്വേഷണങ്ങളുടെയും അടിസ്ഥാനത്തിൽ പേരുകളിൽ മാറ്റമുണ്ടാകാനുള്ള സാധ്യതയുമുണ്ട്.

മലയാളികളുടെ ഏറെനാളത്തെ ആവശ്യത്തിന് പരിഹാരമായെന്ന് സുരേഷ് ഗോപി

തിരു : കേരളത്തിലെ രണ്ട് സുപ്രധാന റെയിൽവേ പദ്ധതികൾക്കുകൂടി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി സുരേഷ് ഗോപി. കേരളത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, യാത്രക്കാർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ലക്ഷ്യസ്ഥാനത്ത് എത്താൻ അവസരമൊരുക്കുന്നതിനും ഈ പദ്ധതികൾ സഹായിക്കുമെന്ന് സുരേഷ് ഗോപി പറഞ്ഞു. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് പുതിയ പദ്ധതികളെക്കുറിച്ച് സുരേഷ് ഗോപി അറിയിച്ചത്.

പോസ്റ്റിന്റെ പൂർണരൂപം

കേരളത്തിലെ റെയിൽവേ യാത്രാക്ലേശത്തിന് പരിഹാരമായി രണ്ട് സുപ്രധാന പദ്ധതികൾക്ക് കൂടി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരിക്കുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിജിയുടെയും, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ജിയുടെയും നേതൃത്വത്തിൽ, വികസനത്തിന്റെ പാതയിൽ കേരളത്തിന് കരുത്തേകുന്ന രണ്ട് വലിയ പ്രഖ്യാപനങ്ങളാണിത്.

* 1. ആലപ്പുഴ - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ (12.66 കി.മീ).അനുവദിച്ച തുക: 324.16 കോടി രൂപ. എറണാകുളം - തുറവൂർ - കായംകുളം റൂട്ടിലെ ഏറ്റവും വലിയ തടസമായിരുന്ന സിംഗിൾ ലൈൻ കുരുക്ക് ഇതോടെ അവസാനിക്കുന്നു.

* നേട്ടം: പ്രതിദിനം ഇരുവശങ്ങളിലേക്കുമായി 9 പുതിയ പാസഞ്ചർ ട്രെയിനുകൾക്ക് കൂടി വഴിതുറക്കും. ചരക്ക് നീക്കം സുഗമമാകുന്നതിലൂടെ റെയി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തേക്കിൻകാടിനെ മതവൽക്കരിക്കരുത് - യുവകലാസാഹിതി

തൃശൂർ : തേക്കിൻകാട് മൈതാനത്തിന്റെയും , വിദ്യാർഥി കോർണറിന്റെയും, നെഹ്റു മണ്ഡപത്തിന്റെയും വീര ചരിത്ര സ്മരണകൾ വിസ്മൃതിയിലാഴ്ത്തുന്ന തരത്തിലേക്ക് തേക്കിൻ കാടിനെ മതവൽക്കരിക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ തൃശൂരിലെ സാംസ്കാരിക പ്രവർത്തകരും സംഘടനകളും പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും യുവകലാസാഹിതി കൺവെൻഷൻ ആവശ്യപ്പെട്ടു.

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതോടെ ആ കോമ്പൗണ്ട് തൃശൂരിന്റെ സാംസ്കാരിക സമുച്ചയ കേന്ദ്രമായി മാറ്റണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു.

ഉത്തരേന്ത്യൻ കുംഭമേളയുടെ മാലിന്യങ്ങൾ നിളാ നദീ തീരത്ത് അടിഞ്ഞു കൂടുമ്പോൾ കേരള സാംസ്കാരിക ലോകത്തിന് ഇതികർത്തവ്യമൂഢരായി നിൽക്കേണ്ടി വരുന്ന അവസ്ഥ മത ഫാസിസ്റ്റ് മൂലധന ശക്തികളുടെ വിജയമായി കാണേണ്ടി വരുമെന്ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത യുവകലാസാഹിതി സംസ്ഥാന രക്ഷാധികാരി ഇ എം സതീശൻ ആശങ്കപ്പെട്ടു. അതേ സമയം കൊടുങ്ങല്ലൂരിൽ സുധീർ ഗോപിനാഥിന്റെ നേതൃത്വത്തിൽ പിറവിയെടുത്ത "നേര്" കൂട്ടായ്മയുടെയും, അതിൽ സഹകരിച്ച സാംസ്കാരിക സംഘടനകളുടെയും പ്രവർത്തന വിജയം സംഘ്പരിവാറിനൊപ്പം, മൗദൂദി - കൃസംഘികളെയും അമ്പരിപ്പിച്ചതും സാംസ്കാരിക പ്രതിരോധ പ്രവർത്തനങ്ങളുടെ വിജയമായി കാണേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊട്ടിഘോഷിക്കപ്പെടുന്ന ഉപഹാരങ്ങളുടെ പിന്നാമ്പുറ ഗൂഢാലോചനകൾ ഉറക്കെപ്പറയാൻ ആർജവം കാണിച്ചത് യുവകലാസാഹിതിയുടെ ആത്മധൈര്യമാണെന്ന് ആമുഖ പ്രഭാഷണം നടത്തിയ സംസ്ഥാന സെക്രട്ടറി സി വി പൗലോസ് ഊന്നിപ്പറഞ്ഞു.

സ്വാമി വിശ്വഭദ്രാനന്ദ ശക്തി ബോധി അഭിവാദ്യ പ്രസംഗം നടത്തി. ജനങ്ങൾക്ക് ലൈംഗികത പോലെ തന്നെ അനിവാര്യമായ ഒന്നാണ് ഭക്തിയും ആത്മീയതയുമെന്നും അതിന്റെ ശാസ്ത്രീയ അർത്ഥ വ്യാഖ്യാനം നൽകാൻ യുവകലാസാഹിതി തയ്യാറാകണമെന്നും സ്വാമി വിശ്വഭദ്രാനന്ദ ശക്തി ബോധി ഉദ്ബോധിപ്പിച്ചു.

ജില്ലാ വൈസ് പ്രസിഡന്റ് ഡോ പി എം ജവഹർലാൽ അധ്യക്ഷത വഹിച്ച കൺവെൻഷനിൽ ജില്ലാ സെക്രട്ടറി സോമൻ താമരക്കുളം, ജോ: സെക്രട്ടറിമാരായ ഇ ആർ ജോഷി, ജി ബി കിരൺ, സി ജ്യോതി ലക്ഷ്മി, ട്രഷറർ ഡോ സി കെ രത്നകുമാരി, സംസ്ഥാന സമിതിയംഗം ഉണ്ണികൃഷ്ണൻ തോട്ടശ്ശേരി, ജില്ലാ വൈസ് പ്രസിഡന്റ് സുധീർ ഗോപിനാഥ്, ഷക്കീർ ആലപ്പുഴ, എൻ മൂസാക്കുട്ടി, ശരത് മണ്ണൂർ, മിഥുൻ ആലപ്പാട്ട്, രാമൻ കൊടുങ്ങല്ലൂർ, സജീവൻ കിഴൂർ എന്നിവർ സംസാരിച്ചു.

സംസ്ഥാന ചലച്ചിത്ര പുരസകാര ജേതാവും, യുവകലാസാഹിതിയുടെ സംസ്ഥാന വൈസ് പ്രസിഡണ്ടുമായ ഡോ. വത്സലൻ വാതുശ്ശേരിയെ സമുചിതമായി ആദരിക്കാൻ കൺവെൻഷൻ തീരുമാനിച്ചു.

ജില്ലാ കമ്മിറ്റി പുനസ്സംഘടന നടത്തി. ജില്ലാ കമ്മിറ്റിയിലേക്ക് സ്വാമി വിശ്വഭദ്രാനന്ദ ശക്തി ബോധി, അമൽ സി രാജൻ, സതീശ് എസ് എൻ പുരം. എം ആർ രമേശൻ, ജോൺസൺ പോണല്ലൂർ, രാമദാസ് കോലഴി, ശലഭ ഗോപിനാഥ്, സജീവൻ കുന്ദംകുളം എന്നിവരെ ഉൾപ്പെടുത്തി

ട്രെയിൻ യാത്രക്കാർക്ക് വലിയ തിരിച്ചടി

തൃശ്ശൂർ: ട്രെയിൻ യാത്രക്കാർക്ക് വലിയ തിരിച്ചടിയാകുന്ന പുതിയ തീരുമാനവുമായി ഇന്ത്യൻ റെയിൽവേ. ഇനി മുതൽ യാത്രക്കാർ തങ്ങൾ ടിക്കറ്റ് ബുക്ക് ചെയ്ത സ്റ്റേഷനിൽ കൃത്യസമയത്ത് എത്തിയില്ലെങ്കിൽ നിമിഷങ്ങൾക്കുള്ളിൽ ആ സീറ്റ് നഷ്ടമാകും. യാത്രക്കാർ എത്തുന്നതും കാത്ത് ടിടിഇ അടുത്ത സ്റ്റേഷൻ വരെ ഇനി കാത്തുനിൽക്കില്ല. റെയിൽവേയുടെ ഡിജിറ്റൽ സംവിധാനങ്ങൾ കൂടുതൽ കർക്കശമാക്കുന്നതിന്റെ ഭാഗമായാണ് ഈ മാറ്റം. നിലവിലെ രീതി അനുസരിച്ച്, ഒരാൾ ബോർഡിങ് സ്റ്റേഷനിൽ നിന്ന് കയറിയില്ലെങ്കിൽ അടുത്ത സ്റ്റേഷൻ എത്തുന്നതുവരെ ടിടിഇ ആ സീറ്റ് മറ്റാർക്കും നൽകാറില്ലായിരുന്നു. എന്നാൽ പുതിയ നിയമപ്രകാരം, യാത്രക്കാരൻ കയറിയില്ലെങ്കിൽ ടിടിഇ തന്റെ ടാബ്ലെറ്റിലൂടെ വിവരം ഉടൻ അപ്ഡേറ്റ് ചെയ്യും. ഇതോടെ ആ സീറ്റ് തൽക്ഷണം വെയിറ്റിങ് ലിസ്റ്റിലോ ആർ.എ.സിയിലോ ഉള്ളവർക്ക് ഓട്ടോമാറ്റിക്കായി ലഭിക്കും.

അഖിലേന്ത്യ പണിമുടക്ക് സമ്പൂർണ പണിമുടക്കാകും

തൃശൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംയുക്ത ട്രേഡ് യൂണിയൻ വേദി 12ന് നടത്തുന്ന അഖിലേന്ത്യ പണിമുടക്ക് ജില്ലയിൽ സമ്പൂർണ പണിമുടക്കായി മാറുമെന്ന് ട്രേഡ് യൂണിയൻ നേതാക്കൾ അറിയിച്ചു.

സ്വകാര്യ ട്രാൻസ്പോർട്ട്, കെഎസ്ആർടിസി, ഇലക്ട്രസിറ്റി, ബാങ്ക് ഇൻഷുറൻസ് മേഖല, പൊതു & സ്വകാര്യ കമ്പനികൾ, സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപക സംഘടനകളും എല്ലാം പണിമുടക്കിൽ പങ്കെടുക്കും. പണിമുടക്കിന് മുന്നോടിയായി നാളെ ഏരിയ കേന്ദ്രങ്ങളിൽ പന്തം കൊളുത്തി പ്രകടനങ്ങൾ നടക്കും. പണിമുടക്കിൽ കടകൾ അടച്ചിട്ട് സഹകരിക്കണമെന്ന് യൂണിയനുകൾ അഭ്യർത്ഥിച്ചു

നിര്യാതയായി
കൗസല്യ



ഇരിങ്ങാലക്കുട :കൂത്തുപറമ്പ് വാട്ടർ ടാങ്ക് റോഡിൽ വെളുത്തേടത്ത് പറമ്പിൽ പരേതനായ കുമാരന്റെ ഭാര്യ കൗസല്യ 87 നിര്യാതയായി. മക്കൾ : പരേതനായ രമേശൻ/ശശീന്ദ്രൻ, സുധാകരൻ. മരുമക്കൾ : സബിത, മിനി,മിനി സംസ്കാരം മുക്തി സ്ഥാനിൽ നടത്തി

ശിവരാത്രി നൃത്ത്യോത്സവം

ഇരിങ്ങാലക്കുട: കണ്ഠേശ്വരം ശിവക്ഷേത്രത്തിൽ ഏഴ് ദിവസം നീണ്ടുനിൽക്കുന്ന ശിവരാത്രി നൃത്ത്യോത്സവം ആരംഭിച്ചു 13 ന് സമാപിക്കും.

നാദോപാസന ഇരിങ്ങാലക്കുടയും/കണ്ഠേശ്വരം ശിവക്ഷേത്രവും സംയുക്തമായിട്ടാണ് ശിവരാത്രി നൃത്ത്യോത്സവം നടത്തുന്നത്.

ജില്ല കേരളോത്സവം സമാപിച്ചു; 309 പോയിന്റോടെ തൃശ്ശൂർ കോർപ്പറേഷൻ ഓവറോൾ ചാമ്പ്യന്മാരായി

തൃശൂർ: നാല് ദിവസത്തെ ആഘോഷ ആരവങ്ങളോട ജില്ല കേരളോത്സവം സമാപിച്ചു. തൃശൂർ ജില്ലാ പഞ്ചായത്തും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡും ചേർന്ന് സംഘടിപ്പിച്ച കേരളോത്സവത്തിന്റെ സമാപന സമ്മേളനം മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിൽ ദീർഘകാലം പ്രവർത്തിക്കാൻ കഴിയാതെ പോകുന്ന ഒരു വിഭാഗത്തിന് കൂടി അവരുടെ കലാ, സാഹിത്യ, കായിക അഭിരുചികൾ ശക്തിപ്പെടുത്താനാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞു.

വിജയക്കൊടി പാറിച്ചും പോയിന്റ് നിലയിൽ എതിരാളികളെ ബഹുദൂരം പിന്നിലാക്കിയും 309 പോയിന്റ് നേടി തൃശ്ശൂർ കോർപ്പറേഷൻ ഓവറോൾ കിരീടം നേടി.

243 പോയിന്റ് നേടി പുഴയ്ക്കൽ ബ്ലോക്ക് രണ്ടാം സ്ഥാനവും 202 പോയിൻറ് നേടി തളിക്കുളം ബ്ലോക്ക് മൂന്നാം സ്ഥാനവും നേടി.

ഭരതനാട്യം ഫസ്റ്റ് എ ഗ്രേഡ്, മോഹിനിയാട്ടം സെക്കന്റ് എ ഗ്രേഡ്, നാടോടിനൃത്തം സെക്കന്റ് എ ഗ്രേഡ്, മോണോ ആക്ട് തേർഡ് എ ഗ്രേഡ് നേടി ഒല്ലൂക്കര ബ്ലോക്കിൽ നിന്ന് വൈഷ്ണവി കെ. നായർ കലാതിലക പട്ടവും, കവിതാരചന ഇംഗ്ലീഷ് ഫസ്റ്റ് എ ഗ്രേഡ്, കഥാരചന മലയാളം ഫസ്റ്റ് എ ഗ്രേഡ്, പ്രസംഗം ഇംഗ്ലീഷ് തേർഡ് എ ഗ്രേഡ് നേടി തൃശ്ശൂർ കോർപ്പറേഷനിലെ അലൻ പോൾ വർഗ്ഗീസ് കലാപ്രതിഭ പട്ടവും നേടി.

തൃശ്ശൂർ കോപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ സുധീഷ്, ചെയർപേഴ്സൺമാരായ പി.ഐ സജിത, പി.എസ് വിനയൻ, ഷീല ജോർജ്, കെയർ മായ ടീച്ചർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടോബി തോമസ്, ജില്ല യൂത്ത് കോഡിനേറ്റർ വി.പി ശരത്ത് പ്രസാദ്, മറ്റേ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

കാട്ടാനയിറങ്ങി വ്യാപകമായി കൃഷി നശിപ്പിച്ചു

തൃശ്ശൂർ: മരോട്ടിച്ചാൽ ചീരക്കുണ്ടിൽ വീണ്ടും കാട്ടാന ഇറങ്ങി വ്യാപകമായി കൃഷി നശിപ്പിച്ചു. മരോട്ടിച്ചാൽ സ്വദേശി വാക്കനാംപാടത്തിൽ തങ്കച്ചന്റെ വാഴകളാണ് കാട്ടനകൾ നശിപ്പിച്ചത്.

വെടിക്കെട്ട് അനുമതി നിരസിച്ചു

വടക്കാഞ്ചേരി: മച്ചാട് മാമങ്കത്തിനോടനുബന്ധിച്ച് ഫെബ്രുവരി 15, 17 തീയതികളിൽ നടത്താനുദ്ദേശിച്ച വെടിക്കെട്ട് പൊതുപ്രദർശനത്തിന് അനുമതി നിരസിച്ചു. പോലീസ്, ഫയർ, റവന്യൂ വകുപ്പുകളുടെ അന്വേഷണ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ അപകടമില്ലാത്ത വിധം വെടിക്കെട്ട് പ്രദർശനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യമില്ലെന്നതു കൊണ്ട്, പൊതുജന സുരക്ഷ മുൻനിർത്തി വെടിക്കെട്ട് പൊതുപ്രദർശനത്തിന് അനുമതി നിരസിച്ചതായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു.

ശാസ്ത്ര ചരിത്രത്തിലൂടെ ഒരു യാത്രയുമായി സ്കൂൾ വിദ്യാർത്ഥികൾ

ഇരിഞ്ഞാലക്കുട: ഇകെ. എൻ. വിദ്യാഭാസകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ സസ്യശാസ്ത്ര വിഭാഗം ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ശാസ്ത്ര വിജ്ഞാന പരിപാടി, റിസേർച്ച് സെമിനാർ ഹാളിൽ സംഘടിപ്പിച്ചു. ശാസ്ത്ര ചരിത്രം മനസിലാക്കുകയും യുക്തിയും നിരീക്ഷണവും വിദ്യാർത്ഥികളിൽ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തിയ ഈ പരിപാടിയുടെ സമാപന ക്ലാസ്സ് സംസ്ഥാന ടഇജ്ഞാം കൺസൾട്ടന്റ് ഡോ. എം ആർ സുദർശന കുമാർ നയിച്ചു.വിവിധ ശാസ്ത്ര മേഖലയിലെ ഗവേഷണ സാധ്യതകളെക്കുറിച്ചും പുതിയ സ്കൂൾ പാഠ്യപദ്ധതിയുടെ സവിശേഷതകളെ പറ്റിയും അദ്ദേഹം വിശദീകരിച്ചു. ചടങ്ങിൽ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അപർണ്ണ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. ക്രൈസ്റ്റ് കോളേജ് മുൻ പ്രിൻസിപ്പാളും ഇ.കെ.എൻ സെന്റർ പ്രസിഡന്റുമായ ഡോ. മാത്യു പോൾ ഊക്കൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സെന്റ് ജോസഫ്സ് കോളേജ് ഡീൻ ഓഫ് സയൻസ് ഡോ. നൈജിൽ ജോർജ് സെമിനാർ ഉദ്ഘാടനം ചെയ്തു.സ്റ്റെപ്പ് കൺവീനർ ശ്രീമതി മായ കെ. നന്ദി പറഞ്ഞു. കോളേജിലെ അധ്യാപകരും ഇരിങ്ങാലക്കുടയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.

അഭിനന്ദിച്ചു

ഇരിങ്ങാലക്കുട: കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ അഫീന ഗുലാമിനെ മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ അഭിനന്ദിച്ചു. റിട്ട. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകൻ ഗുലാം മുഹമ്മദിന്റെയും തൃശൂർ മോഡൽ ഗേൾസ് വി എച്ച് എസ് ഇ പ്രിൻസിപ്പൽ എം എ അനിതയുടെയും മകളാണ്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ അഫീന ഗുലാമിനെ മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ അഭിനന്ദിക്കുന്നു.

പുതുക്കാട്-മുപ്ലിയം-ഇഞ്ചക്കുണ്ട്-കോടാലി റോഡ് നിർമ്മാണം ഉടൻ ആരംഭിക്കും: കെ.കെ രാമചന്ദ്രൻ എം.എൽ.എ

പുതുക്കാട്: പുതുക്കാട്-മുപ്ലിയം-ഇഞ്ചക്കുണ്ട്-കോടാലി റോഡ് നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് കെ.കെ രാമചന്ദ്രൻ എം.എൽ.എ. പുതുക്കാട് മണ്ഡലത്തിലെ പ്രധാനപ്പെട്ട പാതയായ പുതുക്കാട്-മുപ്ലിയം-ഇഞ്ചക്കുണ്ട്-കോടാലി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നടത്തിയ യോഗത്തിലാണ് എം എൽ എ തീരുമാനം അറിയിച്ചത്.

നിർമ്മാണ പ്രവൃത്തികൾ ഫെബ്രുവരി 13 മുതലാണ് ആരംഭിക്കുക. 73 കോടി രൂപ ചിലവിൽ 18.2 കിലോമീറ്റർ നീളത്തിലും ഒമ്പത് മീറ്റർ വീതിയിലുമാണ് റോഡ് പുനർനിർമ്മാണം നടത്തുക. പുതുക്കാട്- വരന്തരപ്പിള്ളി-മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന റോഡ് കിഫ്ബി ധനസഹായത്തോടെ ഏറ്റവും ആധുനിക നിർമ്മാണ സാങ്കേതിക വിദ്യയായ എഫ് ഡി ആർ സാങ്കേതിക രീതിയിലാണ് പൂർത്തിയാക്കുന്നത്.

ഉപരിതലം ഇളക്കിമാറ്റി അതേ വസ്തുക്കൾ ഉപയോഗിച്ച് റോഡുകൾ പുനർനിർമിക്കുന്ന പരിസ്ഥിതി സൗഹൃദ നിർമാണ രീതിയാണ് ഫുൾ ഡെപ്ത് റിക്ലമേഷൻ. നിർമാണവസ്തുക്കൾ തീരെ കുറവായതിനാൽ പ്രകൃതിചൂഷണം വലിയതോതിൽ കുറക്കാനും നിർമ്മാണം വേഗത്തിൽ തീർക്കുന്നതിനോടൊപ്പം ചെലവ് കുറക്കാനും സാധിക്കും. അറ്റകുറ്റപണി കുറവെന്ന നേട്ടവും ഈ സാങ്കേതികവിദ്യക്കുണ്ട്.

കൽവർട്ടുകൾ, ഡ്രെയിനേജ് സംവിധാനം, കെ.എസ്.ഇ.ബി, കെ. ഡബ്ല്യൂ. എ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എന്നിവയാണ് മറ്റു പ്രധാനപെട്ട പ്രവൃത്തികൾ. സ്ഥലം ഏറ്റെടുക്കുന്ന ഭാഗത്തെ മതിലുകൾ ഉൾപ്പടെയുള്ളവ പുനർനിർമ്മിക്കുന്നതിനായി ഏഴു കോടി രൂപയാണ് മാറ്റിവെച്ചിരിക്കുന്നത്. നിർമ്മാണ പ്രവൃത്തിയുടെ മേൽനോട്ടത്തിനായി മൂന്ന് പഞ്ചായത്തിലും മോണിറ്ററിംഗ് കമ്മിറ്റിയും യോഗത്തിൽ രൂപീകരിച്ചു.

കൊളത്താപ്പള്ളി രാമൻ നമ്പൂതിരിയുടെ 26-ാം ചരമവാർഷികം ആചരിച്ചു

തൃശ്ശൂർ: കെ.പി, നമ്പൂതിരീസ് ആയുർവേദിക്സിനെ ആഗോള തലത്തിലേക്ക് വളർത്തിയ മുൻമാനേജിംഗ് ഡയറക്ടർ കൊളത്താപ്പള്ളി രാമൻ നമ്പൂതിരിയുടെ 26-ാം ചരമവാർഷികം വടക്കേക്കാട് കൊളത്താപ്പള്ളി മനയിൽ ആചരിച്ചു. വളരെ ദീർഘവീക്ഷണമുണ്ടായിരുന്ന രാമൻ നമ്പൂതിരി 4 പതിറ്റാണ്ടോളം കെ.പി.നമ്പൂതിരീസിന്റെ സാരഥിയായിരുന്നു.

മകനും മാനേജിംഗ് ഡയറക്ടറുമായ കെ.ഭവദാസൻ നിലവിളക്ക് കൊളുത്തി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജനറൽ മാനേജർ വി. നാരായണനുണ്ണി, ടോംയാസ് പരസ്യഏജൻസി ഉടമ തോമസ് പാവറട്ടി തുടങ്ങിയവർ സംസാരിച്ചു.

കർഷക തൊഴിലാളി ക്ഷേമനിധി സിറ്റിംഗ്

തൃശൂർ: കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംശദായം സ്വീകരിക്കുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ സിറ്റിംഗ് നടത്തുന്നു. ഫെബ്രുവരി 13ന് പുത്തൻചിറ പഞ്ചായത്തിലും ഫെബ്രുവരി 17ന് മാടക്കത്തറ പഞ്ചായത്തിലും, ഫെബ്രുവരി 19ന് എളവള്ളി പഞ്ചായത്തിലും, ഫെബ്രുവരി 21ന് താന്നിയം പഞ്ചായത്തിലും, ഫെബ്രുവരി 24ന് ചൂണ്ടൽ /കണ്ടാണശ്ശേരി പഞ്ചായത്തിലും, ഫെബ്രുവരി 26ന് എടുത്തിരുത്തി പഞ്ചായത്തിലും, ഫെബ്രുവരി 28ന് പടിയൂർ പഞ്ചായത്തിലുമാണ് സിറ്റിംഗ് നടത്തുന്നത്.

ശാസ്ത്ര ചരിത്രത്തിലൂടെ ഒരു യാത്രയുമായി സ്കൂൾ വിദ്യാർത്ഥികൾ

ഇരിഞ്ഞാലക്കുട: ഇകെ. എൻ. വിദ്യാഭാസകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ സസ്യശാസ്ത്ര വിഭാഗം ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ശാസ്ത്ര വിജ്ഞാന പരിപാടി, റിസേർച്ച് സെമിനാർ ഹാളിൽ സംഘടിപ്പിച്ചു. ശാസ്ത്ര ചരിത്രം മനസിലാക്കുകയും യുക്തിയും നിരീക്ഷണവും വിദ്യാർത്ഥികളിൽ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തിയ ഈ പരിപാടിയുടെ സമാപന ക്ലാസ്സ് സംസ്ഥാന ടഇജ്ഞാം കൺസൾട്ടന്റ് ഡോ. എം ആർ സുദർശന കുമാർ നയിച്ചു.വിവിധ ശാസ്ത്ര മേഖലയിലെ ഗവേഷണ സാധ്യതകളെക്കുറിച്ചും പുതിയ സ്കൂൾ പാഠ്യപദ്ധതിയുടെ സവിശേഷതകളെ പറ്റിയും അദ്ദേഹം വിശദീകരിച്ചു. ചടങ്ങിൽ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അപർണ്ണ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. ക്രൈസ്റ്റ് കോളേജ് മുൻ പ്രിൻസിപ്പാളും ഇ.കെ.എൻ സെന്റർ പ്രസിഡന്റുമായ ഡോ. മാത്യു പോൾ ഊക്കൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സെന്റ് ജോസഫ്സ് കോളേജ് ഡീൻ ഓഫ് സയൻസ് ഡോ. നൈജിൽ ജോർജ് സെമിനാർ ഉദ്ഘാടനം ചെയ്തു.സ്റ്റെപ്പ് കൺവീനർ ശ്രീമതി മായ കെ. നന്ദി പറഞ്ഞു. കോളേജിലെ അധ്യാപകരും ഇരിങ്ങാലക്കുടയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.

അഡ്വ.ഏ.ഡി.ബെന്നിക്ക് അക്ഷരായനം പുരസ്കാരം സമർപ്പിച്ചു

തൃശൂർ: അഡ്വ.ഏ.ഡി.ബെന്നിക്ക് അക്ഷരായനം പുരസ്കാരം നൽകി ആദരിച്ചു. അക്ഷരായനം വായനോത്സവത്തോടനുബന്ധിച്ച് തൃശൂർ വിവേകോദയം സ്കൂൾ അങ്കണത്തിൽ വെച്ച് നടത്തിയ നവകം സാംസ്കാരിക ചടങ്ങിലാണ് കവി.ഡോ.സി. രാവുണ്ണി, അഡ്വ.ഏ.ഡി.ബെന്നിയെ പുരസ്കാരം നൽകി ആദരിച്ചത്.സ്ഥിരമായി പംക്തികൾ കൈകാര്യം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ബെന്നി വക്കീൽ ആദരിക്കപ്പെടുകയുണ്ടായത്. പ്രമുഖ അഭിഭാഷകൻ കൂടിയായ ഏ.ഡി.ബെന്നിയുടേതായി ആയിരത്തിലധികം ലേഖനങ്ങളും ആയിരത്തിലധികം വീഡിയോ പ്രഭാഷണങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ട്.

ഉപഭോക്തൃ സാംസ്കാരിക ജീവകാരുണ്യ മേഖലകളിൽ ബെന്നി വക്കീൽ സജീവമാണ്. കെ.എൻ.യശോധരൻ, പി.എൻ.ഗോപീകൃഷ്ണൻ, ഡോ.കെ.ധനലക്ഷ്മി, ഡോ.ബെന്നി ജേക്കബ്ബ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

കേരളത്തിന്റെ ആരോഗ്യ സാക്ഷരതയെ അപകടത്തിലാക്കുന്ന ഘടകങ്ങളെ പ്രതിരോധിക്കണം: എസ് വൈ എസ്

തളിക്കുളം : കേരളത്തിന്റെ ആരോഗ്യ രംഗം ആഗോള തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ജനങ്ങളുടെ ആരോഗ്യ സാക്ഷരതയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ വർധിച്ചുവരികയാണ് അവ ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നും പ്രതിരോധ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും എസ് വൈ എസ് ജില്ല കൗൺസിൽ അഭിപ്രായപ്പെട്ടു. തെറ്റായ വിവരങ്ങളുടെ പ്രചാരണം,ശാസ്ത്രീയമല്ലാത്ത ആരോഗ്യ അറിവുകൾ ഡിജിറ്റൽ മീഡിയകൾ വഴി വ്യാപിക്കുന്നത്,സ്വയം ചികിത്സ തുടങ്ങിയവ ആരോഗ്യ സാക്ഷരതയെ അപകടത്തിലാക്കുന്നുണ്ട് അതുമൂലം പ്രതിരോധ പ്രവർത്തനങ്ങൾ ദുർബലമാവുകയാണ്. ആരോഗ്യ വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയും, തെറ്റായ വിവരങ്ങളുടെ വ്യാപനം തടഞ്ഞും ആരോഗ്യ സാക്ഷരത വർധിപ്പിക്കാൻ സർക്കാർ ഇടപെടലുകൾ ഉണ്ടാകണമെന്നും എസ് വൈ എസ് ജില്ല കൗൺസിൽ ആവശ്യപ്പെട്ടു. തളിക്കുളം ദാറുൽ മുസ്തഫ കാമ്പസിൽ നടന്ന വാർഷിക കൗൺസിൽ എസ് വൈ എസ് സംസ്ഥാന സെക്രട്ടറി ശക്കീർ അരിമ്പ്ര ഉദ്ഘാടനം ചെയ്തു.സംസ്ഥാന പ്രവർത്തക സമിതി അംഗം ടി.എ അലി അക്ബർ കൗൺസിൽ നടപടികൾക്ക് നേതൃത്വം നൽകി.

മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി

ലയൺസ് ക്ലബ്ബ് തൃപ്രയാർ ടെമ്പിൾ സിറ്റിയുടെ നേതൃത്വത്തിൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു സൗജ്യന്യ നേത്രപരിശോധന, തിമിര ശസ്ത്രകിയ, ആയുർവേദം, ദന്ത പരിശോധന , ജീവിത ശൈലി രോഗ നിർണ്ണയം എന്നിവയാണ് ക്യാമ്പിൽ നടത്തിയത് വലപ്പാട് എങ്ങൂർ ക്ഷേത്രം നാളിൽ നടത്തിയ ക്യാമ്പ് മുൻ സിസ്ട്രിക്റ്റ് ഗവർണർ ജോൺ ജേക്കബ് ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഷാജി ചാലിശ്ശേരി അധ്യക്ഷത വഹിച്ചു വാർഡ് മെമ്പർ ഷഹർബാൻ, ആർ. ഐ എം സക്കറിയ പ്രസന്നൻ തറയിൽ എ.വി ജോസഫ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു

ജോസ് താടിക്കാരൻ സ്വാഗതവും കാർത്തികേയൻ കുന്നുങ്ങൽ നന്ദിയും രേഖപ്പെടുത്തി 200 ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു

യുവജന സെമിനാർ 2026 അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ സംഘടിപ്പിക്കുന്ന 2026 ദേശീയ യുവജന സെമിനാർയിൽ പങ്കെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. യുവജനങ്ങളുടെ ക്ഷേമവും ജീവിതശൈലി പരിവർത്തനങ്ങളും: ഉ